
*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

146th Issue - Volume 4, No. 27 ജാഗ്രത 13th August 2010

"കെസിബിസി സോഷ്യൽ ഹാർമണി ആൻഡ്



വിജിലൻസ് കമ്മീഷൻ ചെയർമാൻ ബിഷപ് സ്റ്റാൻലി റോമൻ ഏവർക്കും സ്വാതന്ത്ര്യദിനത്തിന്റേയും മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാളിന്റേയും മംഗളാശംസകൾ സ്നേഹപൂർവ്വം നേരുന്നു."




**Commission Chairman**
Rt. Rev. Dr. Stanley Roman

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**Commission Secretary**
Fr. Johny Kochuparambil

## പ്രധാന വാർത്തകൾ

ക്രൈസ്തവ സമൂഹത്തിന്റെ ലക്ഷ്യം മതസൗഹാർദ്ദം: കെസിബിസി ജാഗ്രതാകമ്മീഷൻ

---

സാമൂഹികനന്മയ്ക്കുതകുന്ന രാഷ്ട്രീയത്തിൽ സഭ ഇനിയും ഇടപെടും: കെസിബിസി

## ക്രൈസ്തവ സമൂഹത്തിന്റെ ലക്ഷ്യം മതസൗഹാർദ്ദം
## കെസിബിസി ജാഗ്രതാകമ്മീഷൻ

ഒരു യഥാർത്ഥ മതവിശ്വാസി മറ്റു മതങ്ങളോട് ആദരവ് പുലർത്തുന്നവനായിരിക്കും. സ്വന്തം വിശ്വാസത്തിൽ ഉറച്ചുനിൽക്കുമ്പോഴും ഇതര മതവിശ്വാസങ്ങളെ ആദരപൂർവ്വം കാണണമെന്നുതന്നെയാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ അനുശാസിക്കുന്നത്. ഇതുകേവലം മതവിശ്വാസത്തിന്റെ മാത്രം തലമല്ല മാന്യതയുടെ തലം കൂടിയാണ്. മതവിശ്വാസത്തിന്റെ പൊതുധാരയിലുള്ളവരെല്ലാം ഈ ഒരു മനോഭാവത്തോടുകൂടി മാത്രമേ പ്രവർത്തിക്കുന്നതായി കാണാൻ കഴിയുന്നുള്ളൂ.

എന്നാൽ മതത്തെ തങ്ങളുടെ രാഷ്ട്രീയനേട്ടങ്ങൾക്കായി കരുക്കളാക്കുന്നവർക്കും മതവിശ്വാസത്തെ ആധിപത്യത്തിനായുള്ള അക്രമണോത്സുകതയായി മാറ്റിയെടുക്കാൻ ആഗ്രഹിക്കുന്നവരുമായ ചുരുക്കം ചിലർ ഈ പൊതുതത്വത്തിനു വിരുദ്ധമായി പ്രവർത്തിച്ചുകാണുന്നുണ്ട്. ഇങ്ങനെയുള്ള പ്രത്യയശാസ്ത്രങ്ങൾ യഥാർത്ഥത്തിൽ മതത്തിന്റെ അന്തസത്തയ്ക്കു നിരക്കാത്തതും മതവിരുദ്ധരുമാണ്. അങ്ങനെയുള്ള മതവിരുദ്ധ പ്രത്യയശാസ്ത്രത്തിനടിമകളായവരെ മതവിരുദ്ധരായി കണ്ടു മാറ്റിനിർത്താനും ഇങ്ങനെയുള്ള മതവിരുദ്ധതയെ തള്ളിപ്പറയാനും യഥാർത്ഥമതവിശ്വാസികൾക്ക് കടമയുണ്ട്.

ഈ പശ്ചാത്തലത്തിൽ വേണം അമേരിക്കയിലെ ഫ്ളോറിഡ ഡോവ് വേൾഡ് ഔട്ട്റിച്ച് സെന്റർ (Dove World Outreach Center)എന്ന ഒരു ക്രൈസ്തവനാമം അവകാശപ്പെടുന്ന സംഘടന സെപ്റ്റംബർ 11-ാം തീയതി (World Trade Centre തകർത്ത ദിനത്തിൽ) മുസ്ലീംമത വിശ്വാസത്തിന്റെ പവിത്ര മതഗ്രന്ഥമായ 'ഖുറാൻ' കത്തിക്കുമെന്ന ആഹ്വാനം നടത്തിയിരിക്കുന്നതിനെ കാണാൻ. ഇവർ യഥാർത്ഥത്തിൽ ക്രൈസ്തവീകതയ്ക്കുവേണ്ടി പ്രവർത്തിക്കുന്നവരോ ക്രൈസ്തവമനോഭാവത്തോടെ ഉള്ളവരോ അല്ല എന്ന് തിരിച്ചറിയാനും പ്രഖ്യാപിക്കാനും നമുക്ക് കഴിയണം. ഈ വിഷയത്തിൽ അതീവജാഗ്രത പാലിക്കുവാനും ഇത്തരം തെറ്റായ പ്രവണതകളെ തള്ളിപ്പറയുവാനും കേരളത്തിൽ നിലനിൽക്കുന്ന മതസൗഹാർദ്ദത്തെ നിലനിർത്തുവാനും രൂപതാവക്താക്കൾ താല്പര്യമെടുക്കേണ്ടതാണ്.

'ഖുറാൻ' കത്തിക്കുമെന്ന പ്രസ്താവനയ്ക്കെതിരെ പ്രതിഷേധം ഉയർത്തി 2010 ഓഗസ്റ്റ് മാസം 4-ാം തീയതി ന്യൂഡൽഹിയിലെ ജന്ദർമന്ദറിൽ ചില മുസ്ലീം സംഘടനകൾ പ്രതിഷേധറാലി സംഘടിപ്പിച്ചിരുന്നു. കൂടാതെ വിവിധ മുസ്ലീം സംഘടനാനേതാക്കൾ കേന്ദ്രമന്ത്രി സൽമാൻ ഖുർഷിയെ കാണുകയും ഇതിനെതിരെ നടപടി സ്വീകരിക്കുവാൻ അമേരിക്കൻ സർക്കാരിനോട് ആവശ്യപ്പെടണമെന്നും അഭ്യർത്ഥിച്ചു. പ്രതിഷേധക്കാർ വെള്ളിയാഴ്ച പ്രാർത്ഥനകളിൽ ഇത്തരം നിലപാടുകൾക്കെതിരെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുമെന്നും സൂചനകൾ ലഭിക്കുന്നു.

ഈ സാഹചര്യത്തിൽ കത്തോലിക്കാസമൂഹം ഒറ്റക്കെട്ടായി ഡോവ് വേൾഡ് ഔട്ട്റീച്ച് സെന്ററിന്റെ (Dove World Outreach Center)ആഹ്വാനത്തെ തള്ളിപ്പറയുകയും മുസ്ലീംസമുദായത്തോടും സാംസ്ക്കാരികനേതാക്കളോടും ഒപ്പം ചേർന്ന് ഇത്തരം തെറ്റായ മതവിരുദ്ധ പ്രവണതകൾക്കെതിരെ ശക്തമായി രംഗത്ത് വരികയും വേണം. ക്രൈസ്തവസമൂഹം ഒറ്റക്കെട്ടായി ഇത്തരം നിലപാടുകളെ എതിർക്കേണ്ടത് അത്യാവശ്യമാണ്. കാലാകാലങ്ങളായി നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്ന മതസൗഹാർദ്ദത്തെ ഒരിക്കലും ഇത്തരം തല്പരകക്ഷികൾ സ്വാധീനിക്കുവാനോ തകർക്കുവാനോ പാടില്ല. ഡോവ് വേൾഡ് ഔട്ട്റീച്ച് സെന്റർ (Dove World Outreach Center)മുഖ്യധാരാ ക്രൈസ്തവസമൂഹങ്ങളിൽപ്പെടുന്നതല്ല. അവരുടെ നിലപാടുകളെ ക്രൈസ്തവ സമൂഹങ്ങൾ എതിർക്കുകയും ചെയ്യുന്നു. വർഗ്ഗീയധ്രുവീകരണത്തിനു ശ്രമിക്കുന്ന ചില കുബുദ്ധികളുടെ പരസ്യത്തിനായുള്ള പാഴ്ശ്രമമായി കണ്ട് ഈ നീക്കത്തെ തള്ളിപ്പറയുവാൻ എല്ലാവർക്കും കഴിയണം. മുഖ്യധാരാ ക്രൈസ്തവസമൂഹങ്ങളുമായി യാതൊരു ബന്ധവുമില്ലാത്ത അറിയപ്പെടാത്ത ഒരു സംഘടനയുടെ വെറും ബാലിശമായ ആഹ്വാനത്തെ മുസ്ലീംസമുദായവും സാംസ്ക്കാരികനേതാക്കളും അവഗണിക്കണമെന്നും അത് യാതൊരു സമുദായിക സ്പർദ്ധയ്ക്കും ധ്രുവീകരണത്തിനും കാരണമാകരുതെന്നും അഭ്യർത്ഥിക്കുന്നു. ഡോവ് വേൾഡ് ഔട്ട്റീച്ച് സെന്ററിന്റെ (Dove World Outreach Center) നിലപാട് ക്രൈസ്തവ സമുദായ

ത്തിന്റെ പൊതുവായ നിലപാടല്ല. അതിന്റെ പേരിൽ ക്രൈസ്തവസമുദായത്തെ ആകമാനം വിമർശിക്കുന്നത് ശരിയല്ല. മധ്യപ്രദേശിലെ ഭോപ്പാൽ അതിരൂപതയുടെ അദ്ധ്യക്ഷൻ ആർച്ച് ബിഷപ് ലിയോ കൊർണേലിയോ ഡോവ് വേൾഡ് ഔട്ട്റീച്ച് സെന്ററിന്റെ (Dove World Outreach Center) നിലപാടിനെതിരെ ശക്തമായി രംഗത്തെത്തിയിട്ടുണ്ട്. ക്രൈസ്തവസമൂഹത്തിന് മുസ്ലീംസമൂഹവുമായി നല്ലബന്ധമാണുളളത്. ആ നല്ല ബന്ധം നിലനിർത്തുവാനാണ് ക്രൈസ്തവസമൂഹം ആഗ്രഹിക്കുന്നത്. മുസ്ലീംസമുദായത്തിന്റെ മതവികാരത്തെ വ്രണപ്പെടുത്തുന്ന യാതൊരു നിലപാടും ക്രൈസ്തവസമൂഹത്തിന്റെ ഭാഗത്തുനിന്നുണ്ടാവില്ല. തീവ്രവാദത്തെ മതവുമായി ബന്ധിപ്പിക്കുന്നത് ശരിയല്ല. മുസ്ലീം സമുദായത്തെ തീവ്രവാദവുമായി ബന്ധപ്പെടുത്തുവാനുളള ഏതു നീക്കത്തേയും ക്രൈസ്തവ സമൂഹം എതിർക്കുന്നു. അതുകൊണ്ട് മതഹസൗഹാർദ്ദത്തെ തകർക്കുന്ന എല്ലാ പ്രവണതകളേയും മത സാമുദായികനേതാക്കൾ ഒറ്റക്കെട്ടായി എതിർക്കണം

പരിശുദ്ധ ഖുറാൻ കത്തിക്കുമെന്നു പറയുന്നവർ വാസ്തവത്തിൽ അതുയർത്തിപ്പിടിക്കുന്ന കാരുണ്യത്തിന്റെ നാഗരീകതയെയാണ് ചാമ്പലാക്കുന്നത്. അതുപോലെ കേവലം ചില ക്രിസ്ത്യൻ നാമധാരികൾ നടത്തുന്ന വിധ്വംസക പ്രവർത്തനങ്ങൾക്ക് മതവിശ്വാസവുമായി യാതൊരു ബന്ധവുമില്ലെന്ന് തിരിച്ചറിയുവാൻ നമ്മൾക്ക് കഴിയണം. യഥാർത്ഥ മതവിശ്വാസികൾ പരസ്പരമുളള സ്നേഹവും സാഹോദര്യവും സൗഹാർദ്ദവും കൊണ്ട് ഇങ്ങനെ വിദ്വേഷപ്രചരണം നടത്തുന്നവരെയും വിധ്വംസകപ്രവർത്തകരേയും ഒറ്റപ്പെടുത്തുകയും ചെയ്യണം.

മതവിദ്വേഷം പ്രചരിപ്പിക്കുന്നവർ മതവിരുദ്ധതയാണ് വളർത്തുന്നത്. മറ്റു മതവിശ്വാസത്തെ അപമാനിക്കുന്നവരും മതവിശ്വാസത്തിന്റെ പേരിൽ അക്രമത്തിനും മുതുരുന്നവരും മതവിരുദ്ധർ തന്നെയാണെന്ന് തിരിച്ചറിഞ്ഞ് ഈ മതവിരുദ്ധതയ്ക്കെതിരെ മതവിശ്വാസികളുടെ പൊതുവായ മുന്നേറ്റത്തിന് എല്ലാക്രൈസ്തവരും ശ്രമിക്കണം.

## സാമൂഹികനന്മയ്ക്കുതകുന്ന രാഷ്ട്രീയത്തിൽ സഭ ഇനിയും ഇടപെടും: കെസിബിസി

സഭ സാമൂഹികനന്മയ്ക്കുതകുന്ന രാഷ്ട്രീയത്തിൽ ഇനിയും ഇടപെടുമെന്നു കേരള കാത്തലിക് ബിഷപ്സ് കൗൺസിൽ (കെസിബിസി) ഡപ്യൂട്ടി സെക്രട്ടറിയും വക്താവുമായ റവ.ഡോ. സ്റ്റീഫൻ ആലത്തറ വ്യക്തമാക്കി. കേരളത്തിൽ ക്രൈസ്തവസഭയിലെ ഒരു വിഭാഗം നേരിട്ടു രാഷ്ട്രീയത്തിൽ ഇടപെട്ടു കമ്യൂണിസ്റ്റ് വിരുദ്ധ പ്രചാരണം നടത്തുകയാണെന്ന സിപിഎം കേന്ദ്ര കമ്മിറ്റിയുടെ വിജയവാഡ പ്രമേയത്തിലെ പരാമർശത്തോടു പ്രതികരിക്കുകയായിരുന്നു കെസിബിസി വക്താവ്. സഭ രാഷ്ട്രീയത്തിൽ ഇടപെടുന്നുവെന്ന സിപിഎം ആരോപണത്തിനു പിന്നിൽ രഹസ്യ അജൻഡ യാണുള്ളത്. സഭയ്ക്കു വ്യക്തമായ രാഷ്ട്രീയ ദർശനമുണ്ട്. ജനാധിപത്യവും മതേതരത്വമൂല്യങ്ങളും സംരക്ഷിക്കാൻ സഭ സമൂഹത്തിൽ ഈ രാഷ്ട്രീയ ദർശനത്തോടെ ഇനിയും ഇടപെടും. വർഗീയത, അക്രമം, തീവ്രവാദം എന്നിവയ്ക്കെതിരേയും സഭയ്ക്കു വ്യക്തമായ നിലപാടുകളുണ്ട്. ഈശ്വരവിശ്വാസം സംരക്ഷിക്കുക എന്നതാണ് സഭയുടെ മുഖ്യ ദൗത്യം. ഇടതുപക്ഷ സർക്കാരുകൾ മുൻപും ഇപ്പോഴും ജനാധിപത്യത്തെ ധ്വംസിക്കുന്ന നടപടികൾ സ്വീകരിച്ചപ്പോൾ കോടതി വഴിയും സമരങ്ങൾ വഴിയും സഭ അതിനെ ചെറുത്തു തോല്പിച്ചിട്ടുണ്ട്. അത് ഇനിയും തുടരും. സാമൂഹിക നന്മയ്ക്ക് ഉതകുന്ന രാഷ്ട്രീയ പ്രവർത്തനത്തിൽ ക്രൈസ്തവസഭ ഇനിയും ഇടപെടും. നിരീശ്വര പ്രത്യയശാസ്ത്രങ്ങളിലേക്കു സഭാവിശ്വാസികൾ കടന്നുപോകുന്നത് അംഗീകരിക്കാനാവില്ല. ഇടതുമുന്നണിയുടെ തെറ്റായ നയങ്ങൾക്കെതിരേ സഭയ്ക്കു പലപ്പോഴും ഇടപെടേണ്ടി വന്നിട്ടുണ്ട്. സഭയുടെ നിലപാടുകൾ എന്നും സുതാര്യമാണ്. സഭ രാഷ്ട്രീയത്തിൽ ഇടപെടുന്നതു ജനാധിപത്യത്തെയും മതേതരത്വത്തെയും ശക്തിപ്പെടുത്താനാണെന്നും റവ.ഡോ. സ്റ്റീഫൻ ആലത്തറ പറഞ്ഞു.

JAGRATHA News

**"Jagratha News"** - An internet news service is free and for private circulation

**Web:** jagrathakcbc.blogspot.com.

**Designed and Edited by** Fr. Johny Kochuparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA